# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.05.2025**

### പ്രധാനവാർത്തകൾ

1. ശബരിമല ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 18 ന് കേരളത്തിലെത്തും.

2. പേവിഷ ബാധയേറ്റ കൊല്ലത്തെ പെൺകുട്ടി മരിക്കാനുള്ള പ്രധാന കാരണം കയ്യിലെ നാഡിയിലേറ്റ ആഴമേറിയ മുറിവാണെന്ന് ആരോഗ്യവകുപ്പ് അധികൃതർ; വാക്സിൻ ഫലപ്രദമല്ലെന്ന തരത്തിൽ തെറ്റായവിവരം പ്രചരിപ്പിക്കരുതെന്ന് മന്ത്രി വീണാ ജോർജ്.

RNUTVPM

3. തെരുവ് നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമെന്ന് മന്ത്രി എം.ബി.രാജേഷ്.

4. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷ പരിപാടികളിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ പാലക്കാട്; പൗരപ്രമുഖരുമായി കൂടിക്കാഴ്ച നടത്തി.

5. തൃശ്ശിവപേരൂർ പൂരാവേശത്തിലേക്ക്; നാളെ വിശ്വപ്രസിദ്ധ തൃശൂർ പൂരം.

6. കായിക വകുപ്പ് 14 ജില്ലകളിലും സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചാരണ പരിപാടിക്ക് കാസർകോട് തുടക്കമായി.

&&&&&&&&&&&&&&&&&&&&&

## രാഷ്ട്രപതി -ശബരിമല

രണ്ടു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 18 ന് കേരളത്തിലെത്തും. സന്ദർശന വേളയിൽ ശ്രീമതി മുർമു ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തും. ഇടവ മാസ പൂജകൾക്കായി 14 നാണ് ശബരിമല നട തുറക്കുന്നത്. പാലാ സെൻ്റ്തോമസ് കോളേജ് ജൂബിലിയുമായി ബന്ധപ്പെട്ട സമ്മേളനത്തിലും രാഷ്ട്രപതി പങ്കെടുക്കുമെന്നാണ് റിപ്പോർട്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി- പാലക്കാട്

സർക്കാരിന്റെ നാലാം വാർഷിക ആഘോഷ പരിപാടികളിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ പാലക്കാട് എത്തി. ജില്ലയിലെ പൗരപ്രമുഖരുമായി അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു. വാർഷികത്തോട് അനുബന്ധിച്ച് എൽ.ഡി.എഫ് സംഘടിപ്പിക്കുന്ന റാലി വൈകിട്ട് കോട്ടമൈതാനത്ത് അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഹജ്ജ് ക്യാമ്പ്

ഈ വർഷത്തെ ഹജ്ജ് ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം ഒമ്പതിന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിർവഹിക്കും. കണ്ണൂരിൽ നിർമിക്കുന്ന ഹജ്ജ് ഹൗസിൻറെ തറക്കല്ലിടലും മുഖ്യമന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&&&&&&

## <u>പേവിഷ ബാധ</u>

പേവിഷ പ്രതിരോധ വാക്സിൻ ഫലപ്രദമല്ലെന്നുള്ള ആക്ഷേപങ്ങൾ തള്ളി ആരോഗ്യ വകുപ്പ് രംഗത്തെത്തി. വാക്സിൻ എടുത്തിട്ടും കൊല്ലത്ത് പേവിഷബാധയേറ്റ പെൺകുട്ടി മരിക്കാനുള്ള പ്രധാന കാരണം കയ്യിലെ നാഡിയിലേറ്റ ആഴമേറിയ മുറിവാണെന്ന് എസ് എ ടി ആശുപത്രി സൂപ്രണ്ട് ഡോ.എസ്. ബിന്ദു പറഞ്ഞു.

വാക്സിൻ ആൻ്റി ബോഡി ഫലപ്രദമാകുന്നതിന് മുൻപ് തന്നെ വൈറസ് കുട്ടിയുടെ തലച്ചോറിനെ ബാധിച്ചതാണ് രോഗാവസ്ഥ തീവ്രമാകാൻ കാരണം. പേവിഷബാധയേറ്റവരുമായി സമ്പർക്കം പുലർത്തുന്നവർക്ക് സമ്പർക്കവിലക്ക് ആവശ്യമില്ലെന്നും സൂപ്രണ്ട് പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&&&&&&

## <u>എം.ബി.രാജേഷ് (ഇൻട്രോ)</u>

തെരുവ് നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിലെ അനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് മന്ത്രി എം.ബി.രാജേഷ്. വന്ധ്യംകരണം മാത്രമാണ് ഏക പരിഹാരം. ഇതിനായി നിയമം ലഘുകരിക്കണ്ടത് ആവശ്യമാണ്. A.B.C കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാദേശിക എതിർപ്പുകൾ

വെല്ലുവിളി ഉയർത്തുന്നതായും മന്ത്രി ചൂണ്ടിക്കാട്ടി. **(വോയിസ്- എം.ബി.രാജേഷ് )**

&&&&&&&&&&&&&&&&&&&&&

## പേവിഷ വാക്സിൻ- ഡോ.ചിന്ത (ഇൻട്രോ)

മൃഗങ്ങളുടെ കടിയേറ്റാൽ ഉടനെ സോപ്പും വെള്ളവും ഉപയോഗിച്ച് മുറിവ് കഴുകുന്നതിലൂടെ പരമാവധി നാഡികളിൽ വൈറസ് ബാധിക്കുന്നതിനുള്ള സാധ്യത കുറയ്ക്കാൻ കഴിയുമെന്ന് കൊല്ലം മെഡിക്കൽ കോളേജ്, കമ്മ്യൂണിറ്റി മെഡിസിൻ അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ചിന്ത വ്യക്തമാക്കി. **( വോയിസ്.......)**

പേവിഷ വാക്സിൻ ഫലപ്രദമല്ലെന്ന തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കരുതെന്ന് മന്ത്രി വീണാ ജോർജ് അഭ്യർഥിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&&&&

## ജാഗ്രതാനിർദേശം

സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി, ജലജന്യ രോഗങ്ങൾ എന്നിവ വർധിക്കാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധിക്കണമെന്ന് ജാഗ്രതാനിർദേശം. ജലജന്യ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ശുദ്ധമായ വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളമാണ് അഭികാമ്യം.

&&&&&&&&&&&&&&&&&&&&&

<u>തൃശൂർ പൂരം (ഇൻട്രോ)</u>

നെയ്തല കാവിലമ്മയുടെ തിടമ്പേറ്റി തെക്കേഗോപുര നട തുറന്നതോടെ തൃശ്ശിവപേരൂർ പൂരാവേശത്തിലേക്ക്. നാളെയാണ് തൃശൂർ പൂരം.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്......

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

<u>തദ്ദേശസ്ഥാപനങ്ങൾ -വനിതകൾ</u>

അടുത്ത തദ്ദേശ പൊതു തിരഞ്ഞെടുപ്പിന് ശേഷം സംസ്ഥാനത്തെ 1,200 തദ്ദേശ സ്ഥാപനങ്ങളിൽ 602 ഇടങ്ങളിൽ അധ്യക്ഷ പദവി വനിതകൾക്ക് ലഭിക്കും. അധ്യക്ഷരുടെ സംവരണ കണക്ക് സർക്കാരാണ് നിശ്ചയിച്ചത്. ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളിലാകും ഈ സംവരണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>തിരഞ്ഞെടുപ്പ്- ന്യൂസ് ലെറ്റർ</u>

സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം പുറത്തിറക്കുന്ന ഓൺലൈൻ ന്യൂസ് ലെറ്റർ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ.യു.കേൽക്കർ ഇന്ന് വൈകുന്നേരം ഓൺലൈനായി പ്രകാശനം ചെയ്യും. വോട്ടർമാർ അറിയേണ്ട വിവരങ്ങൾ, ഉദ്യോഗസ്ഥരുടെ സേവനങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കാനാണ് ന്യൂസ് ലെറ്റർ പുറത്തിറക്കുന്നത്.

&&&&&&&&&&&&&&&&&&&&&&

## അബ്ദു റഹ്മാൻ (ഇൻട്രോ)

കായിക സംസ്കാരം വളർത്തുന്നതിലൂടെ യുവതലമുറയെ ലഹരി ഉപയോഗത്തിൽ നിന്ന് അകറ്റാനാകുമെന്ന് മന്ത്രി വി.അബ്ദുറഹ്മാൻ. കായിക വകുപ്പ് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചാരണ പരിപാടി 'കിക്ക് ഡ്രഗ്സ് 'ൻ്റെ സംസ്ഥാനതല ഉദ്ഘാടനം കാസർകോട് നിർവഹിക്കുകയായിരുന്നു മന്ത്രി.
**(വോയിസ് - വി.അബ്ദുറഹ്മാൻ)**

'കിക്ക് ഡ്രഗ്സ് ' പ്രചരണപരിപാടി' 14 ജില്ലകളിലും സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## എൻറെ കേരളം-കോഴിക്കോട്

കോഴിക്കോട് ബീച്ചിൽ 'എന്റെ കേരളം' പ്രദർശന-വിപണന മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സെമിനാറുകൾക്ക് തുടക്കമായി. "മാനസികാരോഗ്യവും പുതുതലമുറയും' എന്നതാണ് ഇന്നത്തെ സെമിനാറിന്റെ വിഷയം.

&&&&&&&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് ഇടുക്കിയിൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേള ഇന്ന് സമാപിക്കും. സമാപന സമ്മേളനം വൈകുന്നേരം മന്ത്രി കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&

__വി.ഡി.സതീശൻ__

പ്രതിരോധ വാക്സിൻ എടുത്തിട്ടും പേവിഷ ബാധയേറ്റ് എഴുവയസുകാരി മരിച്ച സംഭവം അതീവ ഗൗരവതരമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. വിഷയത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&

__കടപത്രം__

വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാർ 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം നാളെ ഇ-കുബേർ സംവിധാനം വഴി നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&

__പിങ്ക് - ടി 20__

കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന വനിതകളുടെ ആറാമത് പിങ്ക് ട്വൻറി-20 ക്രിക്കറ്റ് ടൂർണമെന്റിന് തിരുവനന്തപുരത്ത് തുടക്കമായി. തുമ്പ സെന്റ് സേവ്യേഴ്സ് കെ.സി.എ സ്റ്റേഡിയത്തിലാണ് ടൂർണമെന്റ് നടക്കുന്നത്. ഉദ്ഘാടന മത്സരത്തിൽ കെ സി എ പേളും കെ സി എ റൂബിയും തമ്മിൽ ഏറ്റുമുട്ടുകയാണ്.

&&&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

IPL 20-20 ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 405 പോയിന്റ് ഉയർന്ന് 80,907 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 140 പോയിന്റ് നേട്ടത്തിൽ 24,488 ലും വ്യാപാരം തുടരുന്നു.
സ്വർണവില കൂടി. പവന് 160 രൂപ കൂടി 70,200 രൂപയും ഗ്രാമിന് 8,775 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ മിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യത. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും ഇടയുണ്ട്. ഈ മാസം ഏഴിനും എട്ടിനും മഴയ്ക്കൊപ്പം 50 കിലോമീറ്റർ വരെ വേഗമുള്ള കാറ്റിനു സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## വികസിത കേരളം-പത്തനംതിട്ട

ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന വികസിത കേരളം ജില്ലാ കൺവെൻഷൻ

പത്തനംതിട്ടയിൽ ഇന്ന് വൈകിട്ട് നടക്കും. കുമ്പഴ ലിജോ ഓഡിറ്റൊറിയത്തിൽ വൈകിട്ട് 3.30 നാണ് പരിപാടി.

&&&&&&&&&&&&&&&&&&&&&&

## ആശാവർക്കർമാർ-കാസർഗോഡ്

ഒരു വിഭാഗം ആശ വർക്കർമാരുടെ രാപകൽ സമരയാത്രയ്ക്ക് കാസർഗോഡ് തുടക്കമായി. 45 ദിവസം നീണ്ടുനിൾക്കുന്ന സമരയാത്ര എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&

RNU TVPM